പതിനഞ്ചാം കേരളനിയമസഭ
പതിമൂന്നാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
07-02-2025

ധനകാര്യം

2024-ലെ സാമ്പത്തിക അവലോകനം സർക്കുലേറ്റ് ചെയ്യാത്തത് സംബന്ധിച്ച്

2025 ഫെബ്രുവരി 7-ാംാം തീയതി ബജറ്റ് അവതരണത്തിന് മുന്നോടിയായി , നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം ബജറ്റ് അവതരിപ്പിക്കുന്നതിന് ഒരു ദിവസം മുമ്പ് സാമ്പത്തിക അവലോകനം മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്നും മുമ്പൊരു സന്ദർഭത്തിൽ അതിന് സാധിക്കാതെ വന്നതിനെത്തുടർന്ന് ആയത് അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്ത അവസരത്തിൽ അതൊരു കീഴ്വഴക്കമാകരുതെന്ന് ചെയർ റൂൾ ചെയ്തിരുന്നതാണെന്നും അതിനാൽ സാമ്പത്തിക അവലോകനം യഥാസമയം മേശപ്പുറത്ത് വയ്ക്കുന്നതിന് നിർദേശം നൽകണമെന്നും പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയുണ്ടായി.

ബി.എ.സി. തീരുമാനപ്രകാരമാണ് അഞ്ചുദിവസത്തെ ഇടവേളയ്ക്കുശേഷം സമ്മേളനം ആരംഭിച്ച ആദ്യദിനമായ ഏഴാം തീയതി ബജറ്റ് അവതരിപ്പിക്കുന്ന സാഹചര്യമുണ്ടായത്. അതുകൊണ്ടാണ് സാമ്പത്തിക അവലോകനം നേരത്തെ സർക്കുലേറ്റ് ചെയ്യാൻ സാധിക്കാത്തതെന്ന് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

2025 ജനുവരി 17-ന് പതിമൂന്നാം സമ്മേളനം ആരംഭിച്ചുവെങ്കിലും അഞ്ചുദിവസത്തെ സമ്മേളനത്തിനുശേഷം 07-02-2025-ന് ബജറ്റ് അവതരിപ്പിക്കുന്നതിനായാണ് വീണ്ടും

+

സമ്മേളിച്ചത്. ഇതിനിടയിൽ ഒരു ഇടവേളയുണ്ടായതിനാലാണ് 2024-ലെ സാമ്പത്തിക അവലോകനം ബജറ്റ് അവതരണത്തിനുമുമ്പ് സഭയിൽ സമർപ്പിക്കാൻ കഴിയാതിരുന്നത്. സാമ്പത്തിക അവലോകനം അംഗങ്ങൾക്ക് മുൻകൂട്ടി ലഭ്യമാക്കണമെന്ന ആവശ്യം ന്യായമാണെന്നും ഭാവിയിൽ ഇതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും ചെയർ അഭിപ്രായപ്പെട്ടു.